WEDNESDAY 14-12-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sreekala S Editor : Dr. Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/12/2022.

1. വെള്ളായണി കാർഷിക കോളേജിൽ ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ വിളകളുടെ ജൈവ വൈവിധ്യ സംരക്ഷണവും പഠനവും ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി **വാഴ, മാവ്, നെല്ല്, ചെറുധാന്യങ്ങൾ, പയറുവർഗ വിളകൾ, കിഴങ്ങു വർഗ വിളകൾ, പച്ചക്കറി വിളകൾ, സുഗന്ധ വ്യഞ്ജനങ്ങൾ** എന്നീ വിളകളിൽ കേരളത്തിന്റെ തനതായ നാടൻ ഇനങ്ങളും അപൂർവ ഗുണങ്ങളുള്ള ഇനങ്ങളും കൃഷി ചെയ്യുന്ന അല്ലെങ്കിൽ അവയെ കുറിച്ച് വിവരമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ, വാട്സാപ്പ് സന്ദേശം അയയ്ക്കുകയോ ചെയ്യണമെന്ന് കോളേജ് ഡീൻ അറിയിച്ചു.

| | |
|---|---|
| മാവ് | **9946867991** |
| വാഴ | **9497453663** |
| നെല്ല് | **9495817932** |
| ചെറുധാന്യങ്ങൾ,<br>പയറുവർഗ വിളകൾ,<br>കിഴങ്ങുവർഗ വിളകൾ | **9446177109** |
| സുഗന്ധവ്യഞ്ജനങ്ങൾ | **8547105571** |
| പച്ചക്കറി വിളകൾ | **9495974675** |

2. രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളുടെ സംസ്ഥാനതല വിതരണോദ്ഘാടനവും സംസ്ഥാന ആസൂത്രണ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ചെടുത്ത ഇലക്ട്രോണിക് ഹെർഡ് ബുക്കിന്റെ പ്രവർത്തനോദ്ഘാടനവും മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നിർവഹിച്ചു. ചടങ്ങിൽ വട്ടിയൂർക്കാവ് എം.എൽ. വി.കെ. പ്രശാന്ത് അദ്ധ്യക്ഷത വഹിച്ചു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. പാലക്കാട് ജില്ലയിലെ പട്ടാമ്പി കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരുമാസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ട കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 120 രൂപ നിരക്കിൽ 13.12.2022 മുതൽ വിൽപ്പന ആരംഭിക്കുന്നതാണ്. താൽപ്പര്യമുള്ളവർ **6282937809, 0466 2212279** ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. കോഴിക്കോട് ജില്ലാ പഞ്ചായത്തും കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തും മലയോരമേഖലയിലെ 5 പഞ്ചായത്തുകളും ചേർന്ന് നടപ്പിലാക്കുന്ന ഫാം ടൂറിസം പദ്ധതിക്ക് ലോഗോ ക്ഷണിച്ചു. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലാണ് പേരും ലോഗോയും സമർപ്പിക്കേണ്ടത്. **ഡിസംബർ 20-** ആണ് ലോഗോ സമർപ്പിക്കേണ്ട അവസാന തീയതി.

5. കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിമല നാളികേര പാർക്കിന്റെ ശിലാസ്ഥാപനം ഡിസംബർ 17-ന് വ്യാവസായികമന്ത്രി പി. രാജീവ് നിർവഹിക്കും.

6. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ വൈകിട്ട് 5.30 മണി വരെ വിളിച്ച് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

7. റബ്ബർബോർഡ് നടപ്പിലാക്കി വരുന്ന വിവിധ തൊഴിലാളി ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ സ്വന്തം റബ്ബർത്തോട്ടങ്ങളിൽ സ്വയം ടാപ്പുചെയ്യുന്ന ചെറുകിടകർഷകർക്കുകൂടി ലഭ്യമാകും. സ്വന്തം പേരിലോ കൂട്ടുടമസ്ഥതയിലോ ജീവിതപങ്കാളിയുടെ പേരിലോ ഒരു ഹെക്ടറിൽ കൂടാതെ വിസ്തൃതിയുള്ളതും റെയിൻഗാർഡുചെയ്തതുമായ റബ്ബർതോട്ടങ്ങളിൽ ഒരു വർഷമായി കുറഞ്ഞത് 100 റബ്ബർ മരങ്ങളെങ്കിലും സ്വയം ടാപ്പുചെയ്തുവരുന്ന കർഷകർക്കാണ് ഈ ആനുകൂല്യം ലഭിക്കുക. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യങ്ങൾ; ചികിത്സാധനസഹായം, പുതിയ ഭവനനിർമ്മാണത്തിനുള്ള ധനസഹായം, ഇൻഷ്വറൻസ് പദ്ധതി, വനിതാടാപ്പർമാർക്കുള്ള വിവാഹധനസഹായം, പ്രസവാനുകൂല്യം തുടങ്ങി റബ്ബർബോർഡ് നടപ്പാക്കിവരുന്ന തൊഴിലാളി ക്ഷേമപദ്ധതികളിലേക്കെല്ലാം സ്വന്തം തോട്ടങ്ങളിൽ സ്വയം ടാപ്പുചെയ്യുന്ന ചെറുകിടകർഷകർക്കും അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള

റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളുമായോ കേന്ദ്ര ഓഫീസിലെ ലേബർ വെൽഫെയർ ഡിവിഷനുമായോ **0481 2301231-336** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

8. വേങ്ങേരി അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ വെച്ച് **കൂൺകൃഷി, ഉപഭോക്ത ബോധവത്ക്കരണം, മത്സ്യകൃഷി,അടുക്കളത്തോട്ട നിർമ്മാണം, കിഴങ്ങ് വർഗ്ഗ സംസ്ക്കരണം, തേനീച്ച കൃഷി, ചക്കയുടെ സംസ്ക്കരണം** തുടങ്ങിയ വിഷയങ്ങളിൽ **ഡിസംബർ 23 മുതൽ 30 വരെ** ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ പരിശീലന ക്ലാസ്സ് നടത്തുന്നു. താത്പര്യമുള്ള കർഷകർ **9846197067** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി(ഡിസംബർ 14,15) **പശു വളർത്തലിൽ** രണ്ട് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9188522708** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 16, 17 തീയതികളിൽ ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

11. പയറിൽ **കരിവള്ളിക്കേട്** എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

12. വെള്ളരി വർഗ പച്ചക്കറികളിൽ **മൃദുരോമപൂപ്പ്** എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി രണ്ടര ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കുമിൾനാശിനി പ്രയോഗം നടത്തുക.